**Athmaraksha.org**

മാതാവിന്റെ പ്രത്യക്ഷീകരണങ്ങൾ

## മാതാവ് നല്കിയ ഗാരബന്താൾ വെളിപാടുകളിലെ "ആ ദിവസം" എന്നായിരിക്കും



ഗാരബന്താൾ നോർത്തേൺ സ്പെയിനിലെ മനോഹരമായ ഗ്രാമമാണ്. സാൻ സെബാസ്റ്റിയൻ ഓഫ് ഗാരബന്താൾ എന്നാണ് മുഴുവൻ പേര്. അതാണ് ഗാരബന്താൾ മാത്രമായി അറിയപ്പെടുന്നത്. കടൽനിരപ്പിൽ നിന്ന് അറുന്നൂറ് മീറ്റർ ഉയരത്തിലാണ് ഇതിന്റെ സ്ഥാനം. മുന്നൂറിലധികം ആളുകൾ മാത്രമായിരുന്ന അക്കാലത്ത് ഇവിടെ താമസിച്ചിരുന്നത്. രോഗം വന്നാൽ ചികിത്സിക്കാനായി ഒരു ഡോക്ടറില്ല. ഇടവകപള്ളിയിൽ സ്ഥിരമായി അച്ചനുമില്ല. അടുത്ത നഗരത്തിൽ വൈദികൻ എത്തിവേണമായിരുന്നു ഞായറാചകളിൽ ദിവ്യബലി അർപ്പിച്ചിരുന്നത്.

വർഷം 1961 ജൂൺ 18. നാലു പെൺകുട്ടികൾ അവിടെ കളിയിൽ ഏർപ്പെട്ടിരിക്കുകയാണ്. മേരി ലോലി മാസോൻ. ജസീന്ത ഗോൺസാൽവസ്, മേരി ക്രൂസ് ഗോൺസാൽവസ്, കോൺചിറ്റ് ഗോൺസാൽവസ്. മേരി ക്രൂസിന് പതിനൊന്ന് വയസാണ് പ്രായം. മറ്റുള്ളവർക്ക് പന്ത്രണ്ടും. എല്ലാവരും ദരിദ്ര കുടുംബാംഗങ്ങൾ. പെട്ടെന്നാണ് ഇടിമുഴക്കം പോലെയുള്ള ഒരു ശബ്ദം അവർ കേട്ടത്. അസാമാന്യമായ പ്രഭാവലയത്തിൽ മുഖ്യദൂതനായ മിഖായേലിനെയാണ് അവർ അതിനൊപ്പം കണ്ടത്. അതിനടുത്ത ഏതാനും ദിവസങ്ങളിലും അതേ സ്ഥലത്ത് അവർക്ക് വീണ്ടും മിഖായേൽ മാലാഖ പ്രത്യക്ഷപ്പെട്ടു. അവസാനദിവസം ഒരു വാഗ്ദാനം നല്കിയാണ് മിഖായേൽ അപ്രത്യക്ഷമായത്.

ജൂലൈ രണ്ടാം തീയതി പരിശുദ്ധ മറിയത്തെ അവർക്ക് കാണാൻ കഴിയുമെന്ന് ഗാരബന്താളിലെ അത്ഭുതങ്ങളുടെ ചരിത്രം ഇവിടെ ആരംഭിക്കുകയായിരുന്നു. കുട്ടികൾക്ക് ലഭിച്ച ഈ സന്ദേശം അവിടെമെങ്ങും പരന്നു. ജൂലൈ രണ്ട് ഞായറാഴ്ചയായിരുന്നു. പ്രദേശം മുഴുവൻ ആളുകളെക്കൊണ്ട് നിറഞ്ഞു. ജീവിതത്തിന്റെ വിവിധ തുറകളിൽ നിന്നുള്ളവരും ആക്കൂട്ടത്തിൽ ഉണ്ടായിരുന്നു. ഭിഷഗ്വരന്മാരും വൈദികരും ഉൾപ്പെടെയുള്ളവർ. സമയം ആറുമണിയായി. മിഖായേൽ മാലാഖ പ്രത്യക്ഷപ്പെട്ട അതേ സ്ഥലത്തേക്ക് പെൺകുട്ടികൾ പ്രവേശിച്ചു. അതോടെ അവരുടെ മുഖത്ത് അഭൗമമായ ഒരു സന്തോഷം നിറഞ്ഞിരിക്കുന്നതായി ചുറ്റും നില്ക്കുന്നവർ കണ്ടു.

ആ നിമിഷം പരിശുദ്ധ ദൈവമാതാവ് അവിടെ പ്രത്യക്ഷപ്പെട്ടു. രണ്ട് മാലാഖമാർക്കൊപ്പം. അതിൽ ഒരു മാലാഖ മിഖായേലായിരുന്നു. വെള്ള വസ്ത്രമായിരുന്നു മാതാവിന്റേത്. നീല മേലങ്കി. സ്വർണ്ണനക്ഷത്രങ്ങളുള്ള കിരീടം. ലോലമായ കൈകൾ, വലതുകൈയിൽ ബ്രൗൺ കളറിലുള്ള ഉത്തരീയം. ആ കൈകളിൽ തന്നെ ഉണ്ണീശോയും. നീണ്ട മുഖവും മനോഹരമായ നാസികയും. വദനം അതിസുന്ദരവും ചുണ്ടുകൾ നേർത്തുമെല്ലിച്ചതും. പതിനെട്ടു വയസ് തോന്നിക്കുന്ന സുന്ദരിയായ പെൺകുട്ടിയെ പോലെ തോന്നിച്ചു മാതാവ്. ലോകത്ത് മറ്റൊരു യുവതിയെയും അതുപോലെ കണ്ടിട്ടില്ല. ആ സ്വരവും മുഖവും അതുപോലെ മറ്റൊരിടത്തുമില്ല. കാർമ്മൽ മാതാവാണ് താൻ എന്നാണ് മാതാവ് പരിചയപ്പെടുത്തിയത്. ഇത് മാതാവിന്റെ ആദ്യ പ്രത്യക്ഷപ്പെടലായിരുന്നു.

1961-നും 1962-നും ഇടയ്ക്ക് പരിശുദ്ധ അമ്മ പലതവണ ഇതുപോലെ ആഴ്ചതോറും പ്രത്യക്ഷപ്പെട്ടിട്ടുണ്ട് നാലുപേർക്കും കൂടി ഒരുമിച്ച് മാതാവ് ദർശനം നല്കിയിട്ടില്ലായിരുന്നു. ചിലപ്പോൾ ഒരാൾക്കായിരിക്കും ദർശനം. മറ്റ് ചിലപ്പോൾ രണ്ട് പേർക്കോ മൂന്നുപേർക്കോ. രാത്രികാലങ്ങളിലും വെളുപ്പാൻ കാലത്തുമെല്ലാം മാതാവ് ദർശനം നല്കിയിട്ടുണ്ട്. ഭയപ്പെടുത്തുന്ന ശബ്ദങ്ങളോടെയായിരുന്നു ദർശനങ്ങളെല്ലാം. മൂർച്ചയുള്ള പാറക്കല്ലുകളിൽ മുട്ടുകുത്തി നിന്നാണ് ഇവർ ദർശനങ്ങൾ സ്വീകരിച്ചിരുന്നത്. ഈ സമയത്തെല്ലാം അവരുടെ മുഖം അസാധാരണയായ സൗന്ദര്യത്താൽ നിറഞ്ഞുനിന്നിരുന്നു. വാക്കുകൾക്ക് അതീതമായിരുന്നു അവരുടെ ഭാവം എന്ന് മറ്റ് സാക്ഷികൾ പറയുന്നു. ബാഹ്യലോകത്തു നിന്ന് പൂർണ്ണമായും വിട്ടുനില്ക്കുന്ന വിധത്തിലായിരുന്നു അവർ. ഈ ആനന്ദാനുഭൂതി ചിലപ്പോൾ ഏതാനും നിമിഷങ്ങളിലേക്കോ മണിക്കൂറുകളിലേക്കോ നീണ്ടുപോയിരുന്നു.

ഈ നിമിഷങ്ങൾക്ക് സാക്ഷ്യം വഹിക്കാനെത്തിയവർ കുട്ടികളുടെ കൈയിൽ കൊന്തയും ബൈബിളും കുരിശുരൂപവും വിവാഹമോതിരവും കൊടുത്തുവിടാറുണ്ടായിരുന്നു. മാതാവിന്റെ ചുംബനം വാങ്ങുന്നതിന് വേണ്ടിയായിരുന്നു ഇത്. ഇപ്രകാരം അനേകരിൽ നിന്ന് കിട്ടുന്നവ തിരികെ കൊടുക്കുമ്പോൾ ആള് മാറിപ്പോകാതിരിക്കാൻ മാതാവ് കുട്ടികൾക്ക് നിർദ്ദേശവും നല്കിയിരുന്നു. ദർശനവേളയിൽ അനേകർക്ക് മാനസാന്തര അനുഭവവുമുണ്ടായിക്കൊണ്ടിരുന്നു.

ദിവ്യകാരുണ്യാത്ഭുതങ്ങളും ഈ കുട്ടികൾക്ക് ഉണ്ടായിട്ടുണ്ട്. ഒരു ദിവസം സ്വർണ്ണക്കാസയുമായി മാലാഖ തങ്ങൾക്ക് മുമ്പിലെത്തി കുമ്പസാരത്തിനുള്ള ജപം ചൊല്ലാൻ ആവശ്യപ്പെടുകയും ദിവ്യകാരുണ്യം നല്കുകയും ചെയ്തതായി ഈ കുട്ടികൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇത് എല്ലാവരും വിശ്വസിക്കുന്നതിനായി 1962 ജൂലൈ 18 ന് ഇതേ സംഭവം ആവർത്തിക്കുകയും ചെയ്തു. പാതിരാത്രിയിലായിരുന്നു ഈ സംഭവം. ആത്മീയാനുഭൂതിയിൽ ലയിച്ചിരുന്ന കോൺചിറ്റ ഗോൺസാവൽസ് വീടിനുള്ളിൽ നിന്ന് പുറത്തേയ്ക്കിറങ്ങി അത്ഭുതങ്ങൾക്ക് സാക്ഷ്യം വഹിക്കാനായി വീടിനുചുറ്റും നിന്നിരുന്ന ജനങ്ങൾക്ക് നടുവിലായി ഭയഭക്തിബഹുമാനദരവുകളോടെ കോൺചിറ്റ മുട്ടുകുത്തി. പിന്നെ നാവുനീട്ടി. വിളക്കുകൾ അവളുടെ മുഖത്തിന് നേരെ പ്രകാശിച്ചു.

ആ വെളിച്ചത്തിൽ തിരുവോസ്തി അവളുടെ നാവിൻതുമ്പിൽ പ്രത്യക്ഷപ്പെടുന്നത് എല്ലാവരും കണ്ടു. ഏതാനും നിമിഷനേരത്തേക്ക് ആ അനുഭവം നീണ്ടുനിന്നു. അനേകർ ഈ രംഗം ക്യാമറയിൽ പകർത്തുകയുണ്ടായി. 1965 ജനുവരി ഒന്നിന് കോൺചിറ്റയ്ക്ക് മാതാവിന്റെ പുതിയൊരു ദർശനമുണ്ടായി. ജൂൺ 18 ന് ഒരു സന്ദേശം നല്കുമെന്നായിരുന്നു അത്. വെളിപാടുകൾ ലഭിച്ചതിന്റെ നാലാം വാർഷികം കൂടിയായിരുന്നു അത്. ലോകത്തിന് മുഴുവനായി താനൊരു അത്ഭുതം പ്രവർത്തിക്കുമെന്ന് മാതാവ് പറഞ്ഞതായി കോൺചിറ്റ വെളിപ്പെടുത്തിയിട്ടുണ്ട്.

ലോകത്തിന്റെ പാപങ്ങൾക്ക് അർഹിക്കുന്ന വിധത്തിലുള്ള ശിക്ഷയായിരിക്കുമത്രെ അത്. രാത്രി 8.30 ന് ആയിരിക്കും ഇത് സംഭവിക്കുക. ഇത് ഏതു ദിവസം സംഭവിക്കും എന്ന കാര്യം കോൺചിറ്റ ലോകത്തെ അറിയിച്ചിട്ടില്ല. മാതാവ് ആ ദിവസം പ്രഖ്യാപിക്കാൻ തന്നെ അനുവദിച്ചിട്ടില്ല. എന്നാണ് കോൺചിറ്റ പറയുന്നത്. പക്ഷെ അത് സംഭവിക്കുന്നതിന് മുമ്പ്

ചില മുന്നറിയിപ്പുകൾ ലഭിച്ചിരിക്കും. ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന് ശേഷമുള്ള ഏറ്റവും ശക്തികൂടിയ ഒരു സന്ദേശമായിരിക്കും ഇത് എന്ന് ചില വിശ്വാസികൾ അഭിപ്രായപ്പെടുന്നുണ്ട്. അതനുസരിച്ച് 2017 ഏപ്രിൽ 13 ന് ആയിരിക്കും മാതാവ് വെളിപ്പെടുത്തിയ അത്ഭുതം സംഭവിക്കുക എന്ന് ചിലർ പറയുന്നു.

അമേരിക്കയിൽ നിന്നെത്തിയ ഒരു ഗ്രൂപ്പിനോട് കോൺചിറ്റ പറഞ്ഞത് മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലായിരിക്കും ഇത്തരമൊരു അത്ഭുതം നടക്കുക എന്നാണ്. 2017 ലെ പെസഹാ വ്യാഴം ഏപ്രിൽ 13 ആണ്. മാതാവ് ഫാത്തിമയിൽ പ്രത്യക്ഷപ്പെട്ട സന്ദേശം നല്കിയതിന് നൂറുവർഷം തികയുന്ന വർഷം കൂടിയാണ് 2017. കോൺചിറ്റ പറഞ്ഞതിലെ സൂചനകൾ അനുസരിച്ച് മറ്റ് ചിലർ പറയുന്നത് 2020 ഏപ്രിൽ 9 ന് ആയിരിക്കും ഇത് സംഭവിക്കുക എന്നാണ്. 2022 ഏപ്രിൽ 14 എന്നും 2028 ഏപ്രിൽ 13 എന്നും മറ്റ് ചില അഭ്യൂഹങ്ങളുമുണ്ട്. കോൺചിറ്റ എഴുതുന്നു. ദൈവത്തിൽ നിന്നുള്ളതായിരിക്കും ഈ മുന്നറിയിപ്പ്. ലോകത്തിലുള്ള എല്ലാവർക്കും ഇത് കാണാൻ കഴിയും. ഇത് നമ്മുടെ പാപത്തിന്റെ വെളിപ്പെടുത്തൽ പോലെയായിരിക്കും ആകാശത്തിലായിരിക്കും ഇത് സംഭവിക്കുക അത് നമ്മെ കൊലപ്പെടുത്തുകയില്ല. അത് നമ്മുടെ മനസ്സാക്ഷിയുടെ തിരുത്തലായിരിക്കും. വരാൻ പോകുന്ന ശിക്ഷകൾക്കുള്ള മുന്നറിയിപ്പ് മാത്രമായിരിക്കും അത്.

മഹത്തായ അത്ഭുതം സംഭവിക്കുന്നതിന് മുമ്പ് ലോകത്തെ വിശുദ്ധീകരിക്കാനുള്ള വഴിയായിരിക്കും ഇത്. മുന്നറിയിപ്പ് കിട്ടി ഒരു വർഷം കഴിഞ്ഞേ അത്ഭുതം സംഭവിക്കുകയുള്ളൂ എന്ന് ജസീന്ത പറയുന്നു. ഏതു തരത്തിലുള്ള ശിക്ഷയായിരിക്കും സംഭവിക്കാൻ പോകുന്നത് എന്ന് തനിക്കറിയില്ല എന്നും കോൺചിറ്റ പറയുന്നു. ദൈവം നേരിട്ട് നടത്തുന്ന ഇടപെടൽ ആയിരിക്കും അത്. എല്ലാ കത്തോലിക്കരും ആ ശിക്ഷയ്ക്ക് മുമ്പായി കുമ്പസാരിക്കണം. മറ്റുള്ളവർ പാപങ്ങളോർത്ത് മനസ്തപിക്കണം. ശിക്ഷയെക്കുറിച്ച് പറഞ്ഞപ്പോൾ മാതാവിന്റെ മുഖം വളരെ ദു:ഖപൂരിതമായിരുന്നു. ഇത്രയും ദു:ഖത്തോടെ അമ്മയുടെ മുഖം ഞങ്ങൾ കണ്ടിട്ടില്ല. കുട്ടികൾ രേഖപ്പെടുത്തി. 1965 ജൂൺ 18 ന് മാതാവ് നല്കിയ സന്ദേശത്തിൽ വൈദികരോടു തനിക്കുള്ള മാതൃസഹജമായ വാത്സല്യവും സ്നേഹവും മാതാവ് വ്യക്തമാക്കി. ത്യാഗങ്ങൾ അനുഷ്ഠിക്കുക. ഈശോയുടെ പീഡാസഹനങ്ങളെ ധ്യാനിക്കുക. മാതാവ് ആവശ്യപ്പെട്ടു.

ഗാരബന്താളിൽ കുട്ടികൾക്കൊപ്പം മാതാവിനെ കാണാൻ അവസരം ലഭിച്ച ഒരേയൊരു വ്യക്തി സ്പെയിൻകാരനായ ഈശോസഭ വൈദികൻ ഫാ. ലൂയിസ് മേരി ആൻഡ്രൂ ആയിരുന്നു. നീ ഉടൻ തന്നെ എന്നോടുകൂടിയായിരിക്കും എന്നാണ് അമ്മ അച്ചനോട് പറഞ്ഞത്. യാതൊരു അസുഖങ്ങളുമില്ലാതിരുന്ന വൈദികനായിരുന്നു അദ്ദേഹം. അന്നുരാത്രി അദ്ദേഹം സന്തോഷത്തോടെ മരണമടഞ്ഞു. അതും മുപ്പത്തിയെട്ടാം വയസിൽ. അത്ഭുതം നടക്കുന്നതിന്റെ പിറ്റേന്ന് അച്ചന്റെ മൃതദേഹം അഴുകാതെ കാണപ്പെടും എന്നും മാതാവിന്റെ വാഗ്ദാനമുണ്ട്.

കോൺചിറ്റയ്ക്ക് കിട്ടിയ അവസാന ദർശനം 1965 നവംബർ 13-ന് ആയിരുന്നു. വിശുദ്ധ പാദ്രെ പിയോ ഗാരബന്താളിലെ ദർശനങ്ങളെ വിശ്വസിച്ചിരുന്നു. അദ്ദേഹം അവർക്കെഴുതിയ കത്തിൽ ഇങ്ങനെ പറയുന്നു ഞാൻ നിങ്ങൾക്ക് ഒരു ഉപദേശം നല്കാം. പ്രാർത്ഥിക്കുക മറ്റുള്ളവരെക്കൊണ്ട് പ്രാർത്ഥിപ്പിക്കുക. കാരണം ലോകം വിനാശത്തിന്റെ ആരംഭത്തിലാണ്. കർദിനാൾമാരും മെത്രാന്മാരും വൈദികരും വിനാശത്തിന്റെ വഴിയിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ കൂടെ അനേകം കത്തോലിക്കരുമുണ്ട്. മാതാവും നിങ്ങളുമായുള്ള സഭാഷണത്തെ ആളുകൾ വിശ്വസിക്കുന്നില്ല. പക്ഷേ അവർ വിശ്വസിക്കും. അപ്പോഴേയ്ക്കും സമയം കടന്നുപോയിരിക്കും.

1966 ലും 1968 ലും കോൺചിറ്റയെ വത്തിക്കാനിലേക്ക് ക്ഷണിച്ചിരുന്നു. കർദിനാൾ ഫ്രാൻസിസ് സെപേറുമായി കണ്ടുമുട്ടിയതിനുശേഷം പാപ്പയുമായി കണ്ടുമുട്ടി. എന്നാൽ അതേക്കുറിച്ച് എന്തെങ്കിലും രേഖപ്പെടുത്തിവയ്ക്കാൻ കോൺചിറ്റ തയ്യാറായിരുന്നില്ല. 1969 ജൂണിൽ പോൾ ആറാമൻ മാർപാപ്പ ഈ ദർശനക്കാർക്ക് ഒരു ക്രൂശിതരൂപം സമ്മാനമായി കൊടുത്തുവിടുകയുണ്ടായിട്ടുണ്ട്. ആൽബെർച്ചറ്റ് വെബർ ഗാരബന്താളിലെ

അത്ഭുതങ്ങളെക്കുറിച്ച് ഒരു പുസ്തകം എഴുതുകയും അതിന് ജോൺ പോൾ രണ്ടാമൻ സന്ദേശം നല്കുകയും ചെയ്തിട്ടുണ്ട്. വളരെ ആധികാരികമായ വെളിപാടുകളാണ് ഗാരബന്താളിൽ ഉണ്ടായിട്ടുള്ളതെന്ന് മദർതെരേസയും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മാതാവ് വെളിപ്പെടുത്തിയ ആ അത്ഭുതം എന്നായിരിക്കാം സംഭവിക്കുക. എപ്പോഴായിരിക്കും. എന്തായിരിക്കാം.

പ്രാർത്ഥനയോടെ കാത്തിരിക്കുക..